## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *649 — 03.04.2018-ൽ മറുപടിക്ക്

## പട്ടികവർഗ്ഗക്കാർക്ക് ചികിത്സാ സഹായങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആന്റണി ജോൺ<br>,, ബി.ഡി. ദേവസ്സി<br>,, പി.വി. അൻവർ<br>,, ഒ. ആർ. കേളു : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള ചികിത്സാ സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) | പട്ടികവർഗ്ഗക്കാർക്ക് ചികിത്സാ സൗകര്യം ഉറപ്പു വരുത്തുന്നതിനായി സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുത്ത മെഡിക്കൽ കോളേജ് ആശുപത്രികളിലും സൗജന്യ ചികിത്സ ലഭ്യമാക്കുന്ന സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി, ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സംരക്ഷണം ഉറപ്പു വരുത്തുന്നതിനായുള്ള ജനനി - ജന്മരക്ഷാ പദ്ധതി. പാരമ്പര്യ രോഗമായ സിക്കിൾസെൽ അനീമിയ അഥവാ അരിവാൾ രോഗം ബാധിച്ചവർക്ക് സമാശ്വാസ ധനസഹായം നൽകി വരുന്ന പദ്ധതി എന്നിവ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കി വരുന്നു. കൂടാതെ വകുപ്പിന്റെ നിയന്ത്രണത്തിലുള്ളതും HLL (Hindustan Lifecare Limited), KMSCL (Kerala Medical Services Corporation Limited) എന്നിവ മുഖേനയുള്ളതുമായ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 5 ഒ.പി. ക്ലിനിക്കുകൾ, 17 ആയുർവേദ ഡിസ്പെൻസറികൾ, ഒരു ആയുർവേദ ആശുപത്രി, 4 മിഡ്‌വൈഫറി സെന്ററുകൾ എന്നിവ മുഖേനയും ചികിത്സ ഉറപ്പു വരുത്തുന്നു. ഹെൽത്ത് പ്രൊമോട്ടർമാരും പട്ടികവർഗ്ഗ ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നതിനായി നിയോഗിക്കപ്പെട്ടിട്ടുണ്ട്. വകുപ്പിന്റെ ജില്ലാതല ഓഫീസുകളുടെ |

| | | | |
|---|---|---|---|
| | | | നിയന്ത്രണത്തിൽ 6 ആംബുലൻസുകളും ഉപയോഗിക്കപ്പെടുന്നു.<br><br>അട്ടപ്പാടി മേഖലയിൽ പോഷകാഹാരക്കുറവു മൂലമുള്ള അസുഖങ്ങളുടെ ചികിത്സക്കായി 3 NRC (Nutrition Rehabilitation Centre) കളും പ്രവർത്തിക്കുന്നു. |
| ബി) | പ്രസ്തുത വിഭാഗക്കാർക്ക് ചികിത്സാ ധനസഹായത്തിനുള്ള വരുമാന പരിധി ഉയർത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | ബി) | പട്ടികവർഗ്ഗക്കാർക്ക് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരമുള്ള ചികിത്സാ ധനസഹായത്തിനുള്ള വരുമാന പരിധി സ.ഉ.(കൈ) നം. 86/2013/പജ.പവ.വിവ തീയതി. 28.10.2013 പ്രകാരം 1 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| സി) | ചികിത്സാ സഹായങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് അപേക്ഷകൾ ഓൺലൈൻ വഴി സമർപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | സി) | ചികിത്സാ ധനസഹായം ഓൺലൈനായി നൽകുന്ന ടി-ഗ്രാന്റ്സ് സംവിധാനം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആവശ്യങ്ങൾക്കനുസൃതമായി ഭേദഗതി വരുത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| ഡി) | പട്ടികവർഗ്ഗക്കാർ സാധാരണയായി ചെയ്യുന്ന ജോലി ചെയ്യുവാൻ സാധിക്കാതെ വരുന്ന വർഷകാലത്ത് അവർക്ക് ആഹാരം ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യസഹായ പരിപാടി നടപ്പാക്കിയിട്ടുണ്ടോ; | ഡി) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യസഹായ പദ്ധതി, അട്ടപ്പാടി മേഖലയിൽ പാകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. |
| ഇ) | ഏതെല്ലാം പ്രദേശങ്ങളിലാണ് കമ്മ്യൂണിറ്റി കിച്ചണുകളും ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകളും ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ഇ) | അട്ടപ്പാടിയിലെ അഗളി, പുതൂർ, ഷോളയൂർ എന്നീ പഞ്ചായത്തുകളിലായി ആദിവാസി ഊരുകളിൽ 193 കേന്ദ്രങ്ങളിലും, വയനാട് ജില്ലയിലെ തിരുനെല്ലി, നൂൽപ്പുഴ, കണിയാമ്പറ്റ എന്നീ പഞ്ചായത്തുകളിലും കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>അട്ടപ്പാടി മേഖലയിലെ അഗളി, പുതൂർ, ഷോളയൂർ എന്നീ പഞ്ചായത്തുകളിലായി 3 ന്യൂട്രീഷ്യൻ റിഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു. |

**സെക്ഷൻ ഓഫീസർ**